സഹകാര്യ ടി. വി. ചാനലുകൾക്ക് നൽകിയ വായ്പ

86 [3600] *ശ്രീ. ജോർജ് ജെ. മാത്യു:*
„ *ടി. യു. രാധാകൃഷ്ണൻ:*
„ *കെ. എ. ചന്ദ്രൻ:*
„ *വർക്കല കഹാർ:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ജില്ലാ സഹകരണ ബാങ്കുകൾ സഹകാര്യ ടി വി. ചാനലുകൾക്ക് 1994-നുശേഷം വായ്പ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ടി. വി. ചാനലുകൾക്കാണ് വായ്പ നൽകിയത്;

(സി) എന്തു തുക വീതം വായ്പ നൽകി; ഈ തുക ക്രമമായി തിരിച്ചടയ്ക്കുന്നുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം മുതൽ പലിശയിനത്തിൽ ഇനി എന്തു തുക ബാക്കി അടയ്ക്കാനുണ്ട്;

(ഇ) അത് ഈടാക്കാൻ എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം, വയനാട് ജില്ലാ സഹകരണ ബാങ്കുകൾ സഹകാര്യ ടി. വി. ചാനലുകൾക്ക് 1994-നുശേഷം വായ്പ നൽകിയിട്ടുണ്ട്.

(ബി) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും മലയാളം കമ്മ്യൂണിക്കേഷൻസ് ക്ലിപ്തം തിരുവനന്തപുരത്തിനും, വയനാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും മലനാട് ചാനലിനുമാണ് വായ്പ നൽകിയിട്ടുള്ളത്.

(സി) മലയാളം കമ്മ്യൂണിക്കേഷൻസിന് എറണാകുളം ജില്ലാ സഹകരണ ബാങ്ക് 10 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. മലനാട് ചാനലിന് 5 (അഞ്ച്) ലക്ഷം രൂപയുടെ ടേം ലോണും, രണ്ടു ലക്ഷം രൂപയുടെ ക്യാഷ് ക്രെഡിറ്റും ഉൾപ്പെടെ ഏഴു ലക്ഷം രൂപയാണ് വയനാട് ജില്ലാ സഹകരണബാങ്ക് വായ്പ നൽകിയിട്ടുള്ളത്. വായ്പകൾ ക്രമമായി അടച്ചുവരുന്നതായി എറണാകുളം, വയനാട് ജില്ലാ സഹകരണ ബാങ്കുകൾ അറിയിച്ചിട്ടുണ്ട്.

(ഡി) ചോദ്യം (സി) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) ബാധകമല്ല.

GPM. 2/611/2012—16

LIBRARY ARCHIVES Kerala Legislative Assembly